

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA




# സംഗീതാചാര്യനായ
# കെ.കെ. ആന്റണിമാസ്റ്റർ



**കെ.കെ.ആൻറണി മാസ്റ്റർ**

www.marggam.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സംഗീതാചാര്യനായ കെ.കെ. ആന്റണിമാസ്റ്റർ


**കെ.കെ. ആന്റണിമാസ്റ്ററുടെ നിര്യാണത്തിൽ കലാഭവൻ മാനേജിംഗ് കമ്മിറ്റി പ്രസിദ്ധീകരിച്ചത്**

സംഗീതം ജീവിത സപര്യയാക്കിയ വിനയാന്വിതനായ ഒരു കലാസ്നേഹിയായിരുന്നു ശ്രീ. കെ.കെ. ആന്റണിമാസ്റ്റർ. വലിയ ഒരു ശിഷ്യ സഞ്ചയത്തിലൂടെ കേരളത്തിന്റെ സംഗീത സംസ്ക്കാരത്തിൽ സ്വാധീനം ചെലുത്തിയ ആന്റണിമാസ്റ്ററുടെ ജീവിതം സംഗീതത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട ഒന്നായിരുന്നു. പതിനെട്ടു വർഷക്കാലം കലാഭവന്റെ മ്യൂസിക് ഡയറക്ടറായിരുന്ന ആന്റണി മാസ്റ്റർ 1987 മാർച്ച് 16-ാം തീയതിയാണ് ദിവംഗതനായത്.

ആന്റണി മാസ്റ്റർ സംഗീതസംവിധാനം നിർവ്വഹിച്ചിട്ടുള്ള ഗാനങ്ങളറിയാത്ത മലയാളികൾ വിരളമായിരിക്കും. ക്രൈസ്തവ ഗാനശാഖയ്ക്ക് ഭക്തിയുടേയും ശാസ്ത്രീയ സംഗീതത്തിന്റേയും ചിറകുകൾ വച്ചുപിടിപ്പിച്ച അദ്ദേഹം ഭക്തിഗാനങ്ങളുടെ സംഗീതസംവിധാനശൈലിയിൽ പുതിയൊരു സരണി വെട്ടിത്തുറക്കുകയായിരുന്നു. മാസ്റ്ററുടെ ഈണത്തിനൊത്തു പാടിയ പ്രശസ്തരുടെ നിര നീണ്ടതാണ്. സംഗീത ലോകത്തിന് എക്കാലവും ഓമനിക്കാവുന്ന ആയിരത്തോളം ഗാനങ്ങൾക്കു സംഗീതം നല്കി ശബ്ദലേഖനം ചെയ്യാൻ മാസ്റ്റർക്കു കഴിഞ്ഞു. ഇതിൽ അഞ്ച് എൽ.പി. റെക്കോർഡുകളും ഉൾപ്പെടുന്നു.

## ഭക്തിഗാനത്തിന്റെ ആത്മാവ്

കർണ്ണാടക സംഗീതത്തിന്റേയും ഹിന്ദുസ്ഥാനി സംഗീതത്തിന്റേയും ശൈലികൾ ക്രിസ്തീയ ഭക്തി സംഗീതത്തിന്റെ ആത്മാവിന് അന്യമല്ലെന്ന് തെളിയിക്കാൻ കെ.കെ. ആന്റണി മാസ്റ്റർക്കു കഴിഞ്ഞു. ഒരു പുരുഷായുസ്സിനു ചെയ്യാൻ കഴിയുന്നതിലേറെ അദ്ദേഹം ചെയ്തുവെന്ന വസ്തുത വിസ്മരിക്കുന്നില്ല. എങ്കിലും കാലം അനുവദിച്ചിരുന്നെങ്കിൽ ഇനിയും മികച്ച സൃഷ്ടികൾ അദ്ദേഹത്തിൽ നിന്നുണ്ടാകുമായിരുന്നുവെന്ന് തീർത്തു പറയാം. കേരളത്തിലെ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ആരാധന



ക്രമം അവരുടെ ജീവസ്രോതസ്സുതന്നെയാണ്. അനുദിന ജീവിതവുമായി ഇത്രയേറെ ബന്ധപ്പെട്ട മേഖല ഇല്ലതന്നെ. ആരാധനക്രമത്തിലാണെങ്കിൽ സംഗീതത്തിന് ഒഴിച്ചു കൂടാനാവാത്ത സ്ഥാനമാണുള്ളത്. സീറോ മലബാർ സഭയിൽ ആദ്യകാല ക്രിസ്തീയ ഗാനങ്ങൾ സുറിയാനി ഭാഷയിൽത്തന്നെയായിരുന്നു. മലയാളത്തിലുണ്ടായ ഗാനങ്ങൾ പോലും സുറിയാനി രീതികളിലാണ് ആലപിക്കപ്പെട്ടിരുന്നതും. ഇന്നും സുറിയാനി ഗാനങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലെന്നും സമ്മതിക്കണം. ഹിന്ദി സിനിമാ ഗാനങ്ങളുടെ രീതിയിൽ വർഗ്ഗീസ് ജെ.മാളിയേക്കൽ രചിച്ച ഗാനങ്ങൾക്കു പ്രചാരം ലഭിച്ചെങ്കിലും സ്വതന്ത്രമായ സംഗീതശൈലിക്കു വേണ്ടിയുള്ള കാത്തിരിപ്പു തുടർന്നുകൊണ്ടിരുന്നു. ഈയവസരത്തിൽ കലാഭവന്റെ സംഗീത സംവിധായകനായി ആന്റണി മാസ്റ്ററുടെ രംഗപ്രവേശം



www.marggam.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



മഹത്തായ ക്രിസ്തീയ ഗാനപാരമ്പര്യത്തിനു തുടക്കവും അനുസ്യൂതമായ പ്രവാഹവുമായി തീർന്നു. "പരിശുദ്ധാത്മാവേ, നീയെഴുന്നുള്ളി വരണമേയെന്റെ ഹൃദയത്തിൽ' എന്ന ഗാനം എല്ലാ ക്രൈസ്തവരുടേയും ചുണ്ടുകളിൽ ഇന്നും തത്തിക്കളിക്കുകയാണ്. കർണ്ണാടക സംഗീതത്തിൽ ആന്റണി മാസ്റ്റർക്കുള്ള അവഗാഹം എല്ലാ ഗാനങ്ങളിലും തെളിഞ്ഞു കാണാം. "ദൈവമേ, നിൻഗേഹമെത്ര മോഹനം", "പുൽക്കൂട്ടിൽ വാഴുന്ന", "എഴുന്നുള്ളുന്നു രാജാവെഴുന്നുള്ളുന്നു", "നിത്യനായ ദൈവത്തിൻ പുത്രനാണു നീ", "മനസ്സിൽ വിരിയുന്ന പൂവായ പൂവെല്ലാം", "യാത്രയാത്ര ഒരിക്കലുമൊരിക്കലും അവസാനിക്കാത്ത യാത്ര" തുടങ്ങിയ ഗാനങ്ങൾ എത്രതന്നെ കേട്ടാലും വീണ്ടും കേൾക്കാൻ തോന്നും. "മഹേശ്വരാ, നിൻ സുദിനം കാണാൻ കഴിഞ്ഞ കണ്ണിനു സൗഭാഗ്യം' എന്ന ഗാനത്തിന്റെ വശ്യതയ്ക്കു മുഖ്യ കാരണം മനോഹരമായ ഹിന്ദുസ്ഥാനിരാഗമാണെന്നു പറയാം.

## ഇതരസംഗീത ശാഖകൾ

ആന്റണി മാസ്റ്ററുടെ പ്രതിഭ ക്രിസ്തീയ സംഗീത ശാഖയിൽമാത്രം ഒതുങ്ങി നിന്നില്ല. ശ്രീലങ്കയിൽ റേഡിയോ ആർട്ടിസ്റ്റായി അദ്ദേഹം ചെലവഴിച്ച കാലം ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. എണ്ണത്തിൽ കുറവാണെങ്കിലും മലയാള ചലച്ചിത്രങ്ങൾക്കും അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിക്കുകയുണ്ടായി. "കുഞ്ഞിക്കൈകൾ' എന്ന ചലച്ചിത്രത്തിൽ ആന്റണി മാസ്റ്ററുടെ പ്രതിഭ കൂടുതൽ തെളിഞ്ഞു കണ്ടു. നാടകഗാനങ്ങൾക്കും അദ്ദേഹം സംഗീതസംവിധാനം നിർവ്വഹിച്ചിട്ടുള്ള കാര്യം മറക്കാവുന്നതല്ല. 1968ൽ പ്രസിദ്ധ തമിഴ് കവയിത്രി സുനിതത്തിന്റെ കീർത്തനസമാഹാരത്തിന് സംഗീതം നൽകി. തമിഴ് സംഗീതത്തിനു മികച്ച മുതൽകൂട്ടായി മാറി, പ്രസ്തുത കീർത്തന സമാഹാരം. കനകാംഗി, രത്നാംഗി, ഗാനമൂർത്തി തുടങ്ങി അത്യപൂർവ്വങ്ങളായ രാഗങ്ങൾ അദ്ദേഹം വിജയകരമായി ഉപയോഗിക്കുകയുണ്ടായി. കർണ്ണാടകസംഗീതത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന മാസ്റ്റർക്കു തിരക്കേറിയ തന്റെ സപര്യക്കിടയിലും അമ്പതിലേറെ കീർത്തനങ്ങളും കൃതികളും കണ്ടെത്താൻ കഴിഞ്ഞു. തികഞ്ഞ ഗവേഷണകുതുകിയുമായിരുന്നു അദ്ദേഹം.

## പാട്ടുകുർബാനയിലൂടെ

ആന്റണി മാസ്റ്റർ സംഗീതം നല്കിയ ആഘോഷമായ പാട്ടുകുർബാന, തിരുനാൾ റാസ എന്നിവയിലെ ഗാനങ്ങളും മരിച്ചവർക്കുള്ള പാട്ടുകുർബാനയിലെ ഗാനങ്ങളും സേവനത്തിന്റേതായ പുതിയ വഴിത്താരകൾ കാട്ടിത്തന്നു.

"ദൈവകുമാരൻ കാൽവരിക്കുന്നിൽ
ബലിയണച്ചു സ്വയം ബലിയണച്ചു"

എന്ന ഗാനം കേൾക്കാത്തവർ വിരളമായിരിക്കും. "യോഗ്യനാരൂഴിയിൽ നാഥാ", "സുവിശേഷ വെളിച്ചത്താൽ', "വിശ്വസിക്കുന്നു ഞങ്ങൾ", "വിണ്ണിൽ നിന്നു സമാഗതമായൊരു", "വാനിൽ നിന്നൂഴിയിൽ", "സ്നേഹത്തിൻ മലരുകൾ തേടി", "മോദം കലർന്നു നിന്നെയുൾക്കൊണ്ട", "വന്ദനം ബലിപീഠമേ" തുടങ്ങിയ ഗാനങ്ങൾ ഏതുമനസ്സിലും ദിവ്യസംഗീതത്തിന്റെ നിർഝരിയൊഴുക്കാതിരിക്കില്ല. "കാൽവരികണ്ടൊരു", "ദൈവമെന്റെ രക്ഷകൻ", "ദൈവമേ, എന്നിൽ കനിയേണമേ" തുടങ്ങി എത്രയെത്ര ഗാനങ്ങളാണു ഹൃദയം കുളിർക്കുന്ന രാഗധാരയിലൂടെ അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത് !

## കുട്ടികൾക്കുള്ള ഗാനങ്ങൾ

കുട്ടികൾക്കു പാടി രസിക്കാവുന്ന നിരവധി ഗാനങ്ങളുണ്ട് ആന്റണിമാസ്റ്ററുടേതായി.

ആദ്യം കലാഭവൻ റെക്കോർഡുകൾക്കുവേണ്ടി ഈണംപകർന്ന ഗാനങ്ങൾ ഇപ്പോഴും പലരുടേയും ഓർമ്മകളിൽ തുടിച്ചുനില്ക്കുന്നുണ്ടാവും. "ദൈവമെന്റെ കൂടെയുണ്ട്", "അമ്പിളിയമ്മാവാ, ഞാനൊരു കാര്യം ചോദിക്കാം", "ദൈവം കല്പിച്ചു, പറവകളുണ്ടായി", "കൂട്ടുകാരേ, ഓടിവാവാ" തുടങ്ങിയ ഗാനങ്ങൾതന്നെ ഉദാഹരണം. 'മതപഠനം ഗാനങ്ങളിലൂടെ' എന്ന കാസറ്റിൽ ആന്റണിമാസ്റ്ററുടെ സംഗീതസേവനം എങ്ങനെ മറക്കുവാൻ കഴിയും? തന്റെ ജീവിതത്തിന്റെ അവസാനകാലത്ത് തരംഗിണി പുറത്തിറക്കിയ ഗാനധാര എന്ന കാസറ്റിൽ മികച്ച ചില സൃഷ്ടികളുണ്ട്.



www.marggam.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ഫാ. ജോസഫ് മനക്കിൽ രചിച്ച ഗാനങ്ങൾക്കാണ് ആന്റണിമാസ്റ്റർ സംഗീതം പകർന്നത്. "അനുഗ്രഹ പൂമഴപൊഴിയൂ', "യേശുവിൻ രക്ഷയേകും നാമമേ' തുടങ്ങിയ ഗാനങ്ങൾ ഇപ്പോഴും മനസ്സിൽ നവ്യാനുഭൂതി പകർന്നു തരുന്നുണ്ട്.

## അംഗീകാരമന്വേഷിക്കാതെ

കെ.കെ. ആന്റണിമാസ്റ്റർക്കു കേരള സഭയിൽ നിന്നു വേണ്ടത്ര അംഗീകാരം ലഭിച്ചിട്ടില്ലെന്നതു നിശ്ചയമാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ചാവറ അവാർഡിന് 1982ൽ ആന്റണിമാസ്റ്റർ അർഹനായി. ആ സംഗീതപ്രതിഭയെ തേടിയെത്തിയ പ്രധാനപ്പെട്ട ഒരേയൊരു അവാർഡ് ഈ പുരസ്ക്കാരമാണെന്ന് അസ്വസ്ഥതയോടെ മാത്രമേ അനുസ്മരിക്കാനാവൂ.

## ജീവിതത്തിന്റെ ഏടുകളിലേയ്ക്ക്

1924 ഏപ്രിൽ 27-ാം തീയതി ഇരിങ്ങാലക്കുടയ്ക്കടുത്ത് വിളയനാട്ട് കാനംകുടം കുഞ്ഞുവറീതിന്റേയും മറിയത്തിന്റേയും പുത്രനായി ജനിച്ചു. സംഗീതത്തിന്റെ ആദ്യപാഠങ്ങൾ നൽകിയത് ജ്യേഷ്ഠസഹോദരനായിരുന്നു. പത്തൊമ്പതാമത്തെ വയസ്സിൽ ജീവിതമാർഗ്ഗം തേടി സിലോണിലേക്കു പോയി. എ.ആർ. കൃഷ്ണൻ ഭാഗവതർ തുടങ്ങി ഏതാനും പ്രസിദ്ധന്മാരുടെ കീഴിൽ സംഗീതാഭ്യാസം തുടരാൻ സിലോണിൽ അവസരം ലഭിച്ചു.

തമിഴ് നാടകസംഘങ്ങളുടെ കൂടെ ഹാർമോണിസ്റ്റായും ഗായകനായും കുറേക്കാലം സിലോണിൽ ചുറ്റി സഞ്ചരിച്ചു. ഇതിനിടെ 'ശൈവ മങ്കയർ തിലകം' സംഗീത അക്കാദമിയിൽ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1945 മുതൽ ഇരുപതുവർഷം ശ്രീലങ്കാ പ്രക്ഷേപണ നിലയത്തിൽനിന്ന് പലതവണ കച്ചേരികൾ നടത്താൻ അവസരം ലഭിച്ചു. സിലോണിലിറങ്ങിയ



ഏതാനും ചലച്ചിത്രങ്ങൾക്കു പശ്ചാത്തല സംഗീതവുമൊരുക്കി.

1965ൽ കേരളത്തിലേയ്ക്കു മടങ്ങിയെങ്കിലും മലേഷ്യയിലെ കൾച്ചറൽ അസ്സോസ്സിയേഷൻ പിറ്റേ വർഷം ആന്റണി മാസ്റ്ററെ അങ്ങോട്ടു കൊണ്ടുപോയി. ടെലിവിഷനിൽ ഒട്ടേറെ സംഗീത പരിപാടികൾക്കു നേതൃത്വം നല്കാൻ മലേഷ്യയിൽ അവസരം ലഭിച്ചു, കൂടെ സംഗീതാദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു.

1969-ൽ ആണ് കൊച്ചിയിൽ ക്രിസ്ത്യൻ ആർട്ട്സ് ക്ലബ്ബിലെ സംഗീതാദ്ധ്യാപകനായത്. യേശുദാസായിരുന്നു അവിടെ മാസ്റ്ററുടെ പ്രധാന സഹപ്രവർത്തകൻ. ക്ലബ് പിന്നീട് കലാഭവനായി വളർന്നു. മാസ്റ്റർ കലാഭവന്റെ മ്യൂസിക് ഡയറക്ടറും. മരിക്കുന്നതുവരെ അദ്ദേഹം ആ സ്ഥാനത്തു തുടർന്നു.

ആ വന്ദ്യ ഗുരുവിന്റെ സുഭഗസ്മരണയ്ക്കു മുമ്പിൽ കലാസ്നേഹികളുടെ അകമഴിഞ്ഞ ആദരാഞ്ജലികൾ.



www.marggam.com

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org